**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- ചേർത്തല നഗരസഭ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് കെ.യൂ.ആർ ഡി.എഫ്.സി യിൽ നിന്നും വായ്പയെടുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം.727/17/തസ്വഭവ തിരുവനന്തപുരം, തീയതി :16.03.2017.

---

പരാമർശം - 1.സ.ഉ.(എം.എസ്)നം.147/2009/തസ്വഭവ തീയതി 29/07/2009.

2.ചേർത്തല നഗരസഭാ സെക്രട്ടറിയുടെ 27/01/2016 തീയതിയിലെ പി.ഡബ്ല്യു.1/9948/15 നമ്പർ കത്ത്.

3.നഗരകാര്യഡയറക്ടറുടെ 07/07/2016 – ലെ ഡി.സി.3/8273/16 നമ്പർ കത്ത്.

4.മാനേജിംഗ് ഡയറക്ടർ, കെ യൂ ആർ ഡി എഫ് സിയുടെ 26.05.15 തീയതിയിലെ കെ.യൂ.ആർ ഡി.എഫ്.സി / ULB/376/2015 നമ്പർ കത്ത്

**ഉത്തരവ്**

ചേർത്തല നഗരസഭ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് കെ.യൂ.ആർ ഡി.എഫ്.സി യിൽ നിന്നും 1,84,50,000/-(ഒരു കോടി എൻപത്തിനാല് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) വായ്പയെടുക്കുന്നതിന് അനുമതി നൽകണമെന്ന് ചേർത്തല നഗരസഭാ സെക്രട്ടറി സൂചന രണ്ട് പ്രകാരം അപേക്ഷിച്ചിരുന്നു.സൂചന മൂന്ന് പ്രകാരം നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്.

പരാമർശം ഒന്നിലെ സർക്കാർ ഉത്തരവിന്റെയും പരാമർശം മൂന്നിലെ നഗരകാര്യഡയറക്ടറുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ചേർത്തല നഗരസഭ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് ചേർത്തല വടക്ക് വില്ലേജിൽപ്പെട്ട 262/14,262/15 എന്നീ സർവ്വേ നമ്പരിലുള്ള വസ്തുവും അതിൽ പണിയാൻ പോകുന്ന ഷോപ്പിംഗ് കോംപ്ലക്സും ജാമ്യമായി നൽകികൊണ്ട് കെ.യൂ.ആർ ഡി.എഫ്.സി യിൽ നിന്നും 11% പലിശ നിരക്കിൽ **1,30,24,800/-(ഒരു കോടി മുപ്പത് ലക്ഷത്തി ഇരുപത്തിനാലായിരത്തി എണ്ണൂറ് രൂപ മാത്രം)** വായ്പയെടുക്കുന്നതിന് ലോക്കൽ അതോറിറ്റീസ് ലോൺ ആക്റ്റ്സെക്ഷൻ മൂന്ന് പ്രകാരം ചേർത്തല നഗരസഭയ്ക്ക് അനുമതി നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(. ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എ.കെ മോഹനകുമാർ**

ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറിയ്ക്ക് വേണ്ടി

നഗരകാര്യ ഡയറക്ടർ,തിരുവനന്തപുരം

സെക്രട്ടറി, ചേർത്തല നഗരസഭ

മാനേജിംഗ് ഡയറക്ടർ, കെ യൂ ആർ ഡി എഫ് സി.

അക്കൗണ്ടൻറ് ജനറൽ (എ&ഇ /ആഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടൻറ് ജനറൽ (എൽ.ബി.എ&എ), തിരുവനന്തപുരം.

ഡയറക്ടർ, സംസ്ഥാന ആഡിറ്റ് വകുപ്പ്, കേരളം, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.(തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ